**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 8** **07-10-2024 - ൽ മറുപടിയ്ക്ക്**

**ചെറായി, മുനമ്പം പ്രദേശങ്ങളിലെ വഖഫ് ബോർഡ് അവകാശവാദം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ ചെറായി, മുനമ്പം പ്രദേശങ്ങളിലെ 600 ഓളം കുടുംബങ്ങൾ വർഷങ്ങളായി താമസിക്കുന്ന വസ്തുവകകളിൽ വഖഫ് ബോർഡ് അവകാശവാദം ഉന്നയിച്ചതിനെ തുടർന്ന് ഈ വസ്തുവകകൾ ആധാരപ്രകാരം കൈവശം വച്ചനുഭവിക്കുന്നവർ നേരിടുന്ന ഭയാശങ്കകൾ ദൂരികരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. ചെറായി, മുനമ്പം പ്രദേശത്തെ പ്രസ്തുത ഭൂമി വഖഫ് ഭൂമിയാണെന്നും ആയതിനാൽ നിലവിൽ കൈവശക്കാരായ സ്വകാര്യവ്യക്തികളിൽ നിന്നും കരം സ്വീകരിക്കാൻ പാടില്ലെന്നും വഖഫ് ബോർഡ് അറിയിച്ചതിനെത്തുടർന്ന് റവന്യൂ അധികൃതർ കരം സ്വീകരിക്കുന്നത് നിർത്തിവയ്ക്കുകയുണ്ടായി. ഇതിനെത്തുടർന്നുണ്ടായ പ്രശ്നങ്ങളും ആശങ്കകളും എം.എൽ.എ യും വഖഫ് വകുപ്പ് മന്ത്രിയും ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് റവന്യൂ വകുപ്പുമന്ത്രി കരം അടവ് പുനഃസ്ഥാപിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാലാണ് കരം സ്വീകരിക്കാൻ കഴിയാത്തത്. |
| (ബി) | വിവാഹം, വിദ്യാഭ്യാസം, ചികിത്സ എന്നിവ ഉൾപ്പെടെയുള്ള നിരവധി ആവശ്യങ്ങൾക്കായി വായ്പ എടുക്കാനും കൈമാറ്റം ചെയ്യുവാനും മറ്റും സാധിക്കാത്തതിനാൽ ഇതു സംബന്ധിച്ച് കോടതിയിലുള്ള കേസുകൾ അടിയന്തരമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ/ജില്ലാ കളക്ടർ എതിർകക്ഷികളായി താഴെ പറയുന്ന കേസുകൾ നിലവിലുണ്ട്.<br><br>1. WP(C) - 36063/2022<br><br>2. WP(C) - 12121/2022<br><br>3. WA - 2001/2022<br><br>4. WP(C) - 4476/2023<br><br>പ്രസ്തുത കേസുകളിൽ WP(C) 36063/2022, WP(C) 4476/2023 കേസുകളിൽ കൊച്ചി ഭൂരേഖ തഹസിൽദാർ INSTRUCTION സമർപ്പിച്ചിട്ടുള്ളതാണ്. മറ്റു കേസുകളിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി ബന്ധപ്പെട്ടു ടി കേസുകളിലെ സ്റ്റേ ഉത്തരവ് നീക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. കൂടാതെ, വഖഫ് ബോർഡ് എതിർകക്ഷിയായ ചെറായി വഖഫ് ഭൂമി സംബന്ധിച്ച് ചുവടെ പറയുന്ന കേസുകളും നിലവിലുണ്ട്.<br>1. WP(C) - 220/2023<br>2. WP(C) - 4035/2023<br>3 .WP(C) - 4768/2023<br>4. WP(C) - 4789/2023<br>5. WP(C) - 15238/2023<br>6. WP(C) - 20086/2024 |
| (സി) | ഇത് സംബന്ധിച്ച് നിലവിലുള്ള കേസുകൾ ഏതൊക്കെയെന്നും കേസുകളുടെ ഉള്ളടക്കവും നിജസ്ഥിതിയും എന്തെന്നും വിശദമാക്കാമോ; | (സി) | ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ/ജില്ലാ കളക്ടർ എതിർകക്ഷികളായി താഴെ പറയുന്ന കേസുകൾ നിലവിലുണ്ട്.<br>1. WP(C) - 36063/2022<br>2. WP(C) - 12121/2022<br>3. WA - 2001/2022<br>4. WP(C) - 4476/2023<br>പ്രസ്തുത കേസുകളിൽ WP(C) 36063/2022, WP(C) 4476/2023 കേസുകളിൽ കൊച്ചി ഭൂരേഖ തഹസിൽദാർ INSTRUCTION സമർപ്പിച്ചിട്ടുള്ളതാണ്. മറ്റു കേസുകളിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി ബന്ധപ്പെട്ടു ടി കേസുകളിലെ സ്റ്റേ ഉത്തരവ് നീക്ക ന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, വഖഫ് ബോർഡ് എതിർകക്ഷിയായ ചെറായി വഖഫ് ഭൂമി സംബന്ധിച്ച് ചുവടെ പറയുന്ന കേസുകളും നിലവിലുണ്ട്.<br>1. WP(C) - 220/2023<br>2. WP(C) - 4035/2023<br>3 .WP(C) - 4768/2023<br>4. WP(C) - 4789/2023<br>5. WP(C) - 15238/2023<br>6. WP(C) - 20086/2024 |
| (ഡി) | 2115-ാം നമ്പറായി 1950-ൽ വഖഫ് ആധാരം ചെയ്തെന്ന് അവകാശപ്പെടുന്ന 404.76 | (ഡി) | വസ്തുവകകൾ 1950-ലെ 2115-ാം നമ്പർ ആധാരപ്രകാരം ശ്രീ. മുഹമ്മദ് സിദ്ദിഖ് സേഠ് |

| | | | |
|---|---|---|---|
| | വസ്തുവകകൾ 25.09.2019-ൽ മാത്രം ബോർഡിൽ സ്വമേധയാ രജിസ്റ്റർ ചെയ്യാനുള്ള കാരണവും രജിസ്റ്റർ ചെയ്യാനുള്ള കാലതാമസത്തിനുള്ള കാരണവും വിശദമാക്കാമോ; | | എന്നയാൾ ഫാറൂഖ് കോളേജ് മാനേജിംഗ് കമ്മിറ്റിക്ക് എഴുതി നൽകിയ വഖഫ് ആധാരത്തിൽ ഉൾപ്പെട്ടവയാണ് എന്ന് വഖഫ് ബോർഡ് അറിയിച്ചിട്ടുണ്ട്. വഖഫ് ബോർഡ് സ്ഥാപിതമായതിന് ശേഷം വഖഫ് സ്വത്തുക്കൾ ബോർഡിൽ രജിസ്റ്റർ ചെയ്യുകയെന്നുള്ളത് പ്രസ്തുത സ്വത്തുക്കൾ കൈവശം വച്ച് കൈകാര്യം ചെയ്ത് വരുന്ന മുതവല്ലി/മാനേജിംഗ് കമ്മിറ്റിയുടെ ബാദ്ധ്യതയാണ്. ആയത് യഥാവിധി ചെയ്യാതിരുന്നത് ഫാറൂഖ് കോളേജ് മാനേജിംഗ് കമ്മിറ്റിയുടെ വീഴ്ചയാണ്. അതേ സമയം ബോർഡ് മുമ്പാകെ തർക്കങ്ങൾ ഉന്നയിക്കപ്പെട്ടപ്പോൾ ബോർഡിൽ നിക്ഷിപ്തമായ 1995-ലെ വഖഫ് നിയമം 40, 41 എന്നീ വകുപ്പുകൾ പ്രകാരം ബോർഡ് വ്യക്തികളെ കേട്ടും രേഖകൾ പരിശോധിച്ചും 20.05.2019-ാം തീയതിയിലെ ഇ.പി 685/2008 നമ്പർ ഉത്തരവ് പ്രകാരം വഖഫാണെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിലാണ് 25.09.2019-ൽ സ്വമേധയാ രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്നും സംസ്ഥാന വഖഫ് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) | ചെറായി, മുനമ്പം മേഖലയിലെ വഖഫ് പ്രശ്നം രണ്ട് വിഭാഗക്കാർ തമ്മിലുള്ള തർക്കങ്ങളിലേക്കും സംഘർഷങ്ങളിലേക്കും വളരാതിരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) | പ്രാദേശിക അന്വേഷണത്തിൽ പള്ളിപ്പുറം, കുഴുപ്പിള്ളി വില്ലേജ് പരിധികളിൽ വഖഫ് പ്രശ്നം രണ്ടു വിഭാഗക്കാർ തമ്മിലുള്ള തർക്കങ്ങളിലേക്കോ സംഘർഷങ്ങളിലേക്കോ വളരുവാൻ നിലവിൽ സാധ്യതയുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ